**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **11-10-2021 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.പി. സുമോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവാക്കളുടെ സംരംഭകശേഷി യാഥാർത്ഥ്യമാക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | സ്കൂൾ, കോളേജ് തലം മുതൽ സംരംഭകത്വത്തിലും സാങ്കേതികതയിലും താത്പര്യം ജനിപ്പിക്കുന്നതു മുതൽ അവരെ മികച്ച സംരംഭകരാക്കി മാറ്റുന്നതു വരെയുള്ള താഴെപറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെട്ട യുവ സംരംഭകത്വ വികസന പദ്ധതിയാണ് സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കി വരുന്നത്. 1. ഇവാഞ്ചലൈസേഷൻ സപ്പോർട്ട്. സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണിത്. 2. ഇൻക്യൂബേറ്ററുകൾ. ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക, ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചു വരുന്ന ഇൻക്യൂബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. 3. വിജ്ഞാന / നൈപുണ്യ വികസനം. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ MIT യുമായി ബന്ധപ്പെട്ട ഫാബ് ലാബുകളും കേരള ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റി യുമായി ബന്ധപ്പെട്ട് 20 എഞ്ചിനീയറിംഗ് കോളേജുകളിൽ മിനി ഫാബ് ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടെക്നോളജി ഇന്നവേഷൻ സോണിൽ MIT യുടെ സഹായത്തോടെ സൂപ്പർ ഫാബ് ലാബും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭാവി സാങ്കേതികതയിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി ഒരു ഫ്യൂച്ചർ ലാബും സ്ഥാപിച്ചിട്ടുണ്ട്. 4. ആക്സിലറേറ്ററുകൾ. വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. C-DAC മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 5. ഫണ്ടിംഗ് & എന്റർപ്രൈസ് ഡെവലപ്മെന്റ് കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏയ്ഞ്ചൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചിലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി, സമ്മിറ്റുകൾ കോൺഫെറൻസുകൾ, ഡെമോഡേ, കണക്ടിവിറ്റി തുടങ്ങിയവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു. 6. പ്രൊഡക്റ്റൈസേഷൻ / മാർക്കറ്റിംഗ്. ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കോമേഴ്ഷ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, വിപണനത്തിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവഹിക്കുന്നത്. 7. എക്സ്ചേഞ്ചസ് & ഗ്ലോബൽ ഇമേർഷൻ. ആഗോള തലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾ തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കി വരുന്നു. 8. റിസർച്ച് & ഇന്നവേഷൻ പ്രോഗ്രാം. ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ ബന്ധിപ്പിച്ച് ഗവേഷണ വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപ്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 9. വനിതാ സംരംഭകത്വവും സ്റ്റാർട്ടപ്പ് പരിപാടികളും. സംരംഭകത്വ സാങ്കേതിക പരിജ്ഞാന ശേഷി വികസിപ്പിച്ച് വനിതകളെ സംരംഭകത്വത്തിലേക്ക് നയിക്കുന്നതിനു ദ്ദേശിച്ചുള്ള പദ്ധതിയാണിത്. |
| (ബി) | പ്രസ്തുത മിഷന് കീഴിൽ കളമശ്ശേരിയിൽ സ്ഥാപിതമായ രാജ്യത്തെ ഏറ്റവും വലിയ ഡിജിറ്റൽ ഉല്പന്ന വ്യവസായ കേന്ദ്രം വഴി എന്തെല്ലാം നേട്ടങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സോഫ്റ്റ് വെയർ, ഹാർഡ് വെയർ വിഭാഗങ്ങളിലെ ഉത്പന്ന രൂപകൽപ്പന, വികസനം എന്നിവയക്കുള്ള ഏകീകൃത മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നതിനാണ് കളമശ്ശേരി ടെക്നോളജി ഇന്നവേഷൻ സോണിലെ ഡിജിറ്റൽ ഹബ്ബിനെ വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ഓഗ്മെന്റഡ് റിയാലിറ്റി, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ലാംഗ്വേജ് പ്രോസസ്സിംഗ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായാണ് ഡിജിറ്റൽ ഹബിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം. പൂർണ്ണമായി പ്രവർത്തന സജ്ജമാകുമ്പോൾ 2500 ഓളം പേർക്ക് നേരിട്ട് തൊഴിലവസരം ലഭിക്കുന്ന 200 ഓളം സ്റ്റാർട്ടപ്പുകൾക്ക് ഇവിടെ പ്രവർത്തിക്കാൻ സാധിക്കും. |
| (സി) | നൂതന സംരംഭങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കും സംരംഭകരുടെ ആശയങ്ങൾ സാക്ഷാൽക്കരിച്ച് വിപണിവൽക്കരിക്കുന്നതിനുമുള്ള ഏകോപനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ വിവിധ സാങ്കേതിക, ആർട്സ് & സയൻസ്, പോളിടെക്നിക്, പ്രഫഷണൽ കോളേജുകളിൽ ഇന്നവേഷൻ & എന്റർപ്രെണർഷിപ്പ് ഡെവലെപ്മെന്റ് സെന്ററു (IEDC) കൾ സ്ഥാപിക്കുന്ന പ്രവർത്തനം കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടത്തി വരുന്നു. 283 IEDC കളാണ് നിലവിലുള്ളത്. മിനി ഇങ്കുബേറ്ററുകളായി പ്രവർത്തിക്കുന്ന ഇവയിലൂടെ വിദ്യാർത്ഥികളെ സംരംഭകരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്. IEDC യിലൂടെ ലഭ്യമാക്കുന്ന മികച്ച ആശയങ്ങളെ പ്രീ ഇങ്കുബേഷൻ പരിപാടിയിലൂടെ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു. ആശയങ്ങൾ വികസിപ്പിച്ച് ഉൽപ്പന്നമായി വിപണിയിലെത്തി ക്കുന്നതിന് നാല് ഘട്ടങ്ങളായുള്ള സഹായ ങ്ങളാണ് നൽകിവരുന്നത്. പ്രീ ഇൻകുബേഷൻ പ്രോഡക്ട് ഡെവലപ്മെന്റ് പൈലറ്റിംഗ് സ്കെയിലിംഗ് അപ് വിപണി ലഭ്യമാകുന്നതിന് വേണ്ടി ഡെമോ ഡേ, ഡിമാന്റ് ഡേ, റിവേഴ്സ് പിച്ച്, കോർപ്പറേറ്റ് ഇന്നവേഷൻ പ്രിഫറൻസ്, ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് എന്നീ പരിപാടികളിലൂടെ സ്റ്റാർട്ടപ്പുകളെ സഹായിച്ചു വരുന്നു. business. startupmission.in എന്ന പ്ലാറ്റ്ഫോമിലൂടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്. |

സെക്ഷൻ ഓഫീസർ